# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 7689

15.07.2014-ൽ മറുപടിയ്ക്ക്

## സാമ്പത്തിക തട്ടിപ്പുകൾ

**ചോദ്യം**

ശ്രീ.സി.മമ്മൂട്ടി
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.കെ.എൻ.എ.ഖാദർ
ശ്രീ.സി.മോയിൻകുട്ടി

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിദ്യാസമ്പന്നർപോലും സാമ്പത്തികത്തട്ടിപ്പുകൾക്ക് തുടർച്ചയായി ഇരയാകുന്നതിന്റെ പശ്ചാത്തലമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(എ) ഉണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണമദ്ധ്യേ വിവരങ്ങൾ ആരായുമ്പോൾ അമിതലാഭം പ്രതീക്ഷിച്ച് വിദ്യാസമ്പന്നരായ യുവാക്കൾ പോലും ആകർഷകമായ നിക്ഷേപ വാഗ്ദാനങ്ങളിൽ പെട്ടുപോകുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനെതിരെ ക്യാമ്പസുകൾക്കുള്ളിൽ എളുപ്പത്തിൽ പണം സമ്പാദിക്കുന്നതിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് അവബോധം നൽകുന്ന തരത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമായിരിക്കും എന്ന് കരുതുന്നു.

(ബി) തട്ടിപ്പിന് നേതൃത്വം നൽകുന്നവർ തുടക്കം മുതൽ തന്നെ ഒരു വിഭാഗം പോലീസുദ്യോഗസ്ഥരുമായി അടുത്ത ബന്ധം സ്ഥാപിക്കുന്നതായും അവരുടെ ഒത്താശയുള്ളതുകൊണ്ട് തട്ടിപ്പിനെതിരെ പരാതിപ്പെടാൻപോലും ധൈര്യപ്പെടുന്നില്ലെന്ന വസ്തുത പരിശോധിക്കുമോ;

(ബി) ഇത്തരത്തിലുള്ള സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആട്, മാഞ്ചിയം മുതലായ എത്ര തട്ടിപ്പ് കേസുകൾ സംസ്ഥാനത്ത് ഇതേവരെ ഉണ്ടായിട്ടുണ്ട്; അവയിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി പ്രതികളെ നിയമത്തിന്റെ മുന്നിലെത്തിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകാമോ?

(സി) ഇതു സംബന്ധിച്ച് 30 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ മുഴുവൻ കേസുകളിലും അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു കോടതിയിൽ സമർപ്പിച്ച് കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ